**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 16151/2010 ഹർജിയിലെ 19.12.2016 ലെ വിധിന്യായം പാലിച്ച് തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ മാർക്കറ്റ് സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. എസ്. സെൽവത്തിന്റെ നിയമനം ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം.204/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 13/10/2017**

---

പരാമർശം : 1. 25.11.2005 ലെ സ.ഉ(പി)നം. 501/2005/ധന നമ്പർ ഉത്തരവ്.
2. 23.01.2010 ലെ. സ.ഉ (സാധാ) നം. 265/2010/തസ്വഭവ ഉത്തരവ്
3. ബഹു. കേരള ഹൈക്കോടതിയുടെ 19.12.2016 ലെ WP(C) 16151/2010 നമ്പർ വിധിന്യായം
4. ശ്രീമതി. എസ്. സെൽവത്തിന്റെ 3.2.2017 ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

1987 മുതൽ തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ മാർക്കറ്റ് സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.എസ്. സെൽവം, ടിയാളെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത WP(C) 37874/08 നമ്പർ ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പെറ്റീഷണറുടെ അപേക്ഷ പരിഗണിച്ച് പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് നിർദേശിച്ചു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർമാർക്ക് മാത്രം ബാധകമായിട്ടുള്ളതായതിനാലും മാർക്കറ്റ് പോലെയുള്ള പൊതു സ്ഥലങ്ങളിൽ ദിവസ വേതനത്തിൽ സ്വീപ്പർമാരായി ജോലി ചെയ്യുന്ന ജീവനക്കാർ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ടുവരുന്നില്ല എന്നതിനാലും പരാതിക്കാരി മാർക്കറ്റ്/പൊതു റോഡ് തൂക്കുന്നയാളായതിനാലും മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ ടിയാളെ സ്ഥിരപ്പെടുത്തണമെന്നുള്ള അപേക്ഷ നിരസിച്ച് പരാമർശം (2)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ പരാമർശം (2) ലെ സർക്കാർ ഉത്തരവിനെതിരെ അപേക്ഷക ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 16151/2010 നമ്പർ ഹർജിയിൽ ബഹു. ഹൈക്കോടതി

പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (3) ലെ വിധിന്യായത്തിൽ പരാമർശം (2) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പരാതിക്കാരിയുടെ നിയമനം ക്രമവൽക്കരിക്കുവാനും അവർക്ക് അർഹതയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുവാനും ഉത്തരവാകുകയും ചെയ്തു. പ്രസ്തുത വിധിന്യായം നടപ്പിലാക്കി തന്നെ സ്ഥിരപ്പെടുത്തണമെന്ന് പരാമർശം (4) പ്രകാരം ശ്രീമതി. എസ്. സെൽവം അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ മാർക്കറ്റ് സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. എസ്. സെൽവത്തിനെ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് തീയതിയായ 19.12.2016 മുതൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (3) പ്രകാരമുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.കെ. ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.
ശ്രീമതി. ശ്രീമതി. എസ്. സെൽവം.സ്വീപ്പർ, വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.
(സെക്രട്ടറി, വെള്ളറട ഗ്രാമപഞ്ചായത്ത് മുഖേന).
സെക്രട്ടറി, വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ് സി) വകുപ്പ്
ധനകാര്യ വകുപ്പ്(നം. 472187/Exp.C2/42/2017/Fin. തീയതി 25.07.2017 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/23/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ